# Weekly Devotion -October 2017

## നിലവിളിയുടെ പർവ്വതം ഉരുകുന്നു ( The Mountain of cry melts)



ഒരിക്കൽ England ലെ രാജാവ് വിലക്കിയ ഒരു വിഷയത്തെപ്പറ്റി പ്രസംഗിക്കുവാൻ “ലാറ്റിമർഹഗ് പ്രസംഗപീഠത്തിനരികിലേക്ക് നടന്നു. പെട്ടന്ന് രാജാവും പരിവാരവും ആരാധനയ്ക്കായി കടന്നു വന്നു. “ലാറ്റിമർ രാജാവ് നിന്നെ ശ്രദ്ധിക്കുന്നു” എന്ന് പറഞ്ഞ ശേഷം പ്രസംഗപീഠത്തിൽ കയറിയ അദ്ദേഹം ബൈബിളിൽ കൈവച്ച് പ്രാർത്ഥിച്ചു. പിന്നീട് സ്വർഗ്ഗത്തിലേക്കു നോക്കി ഉറക്കെ പറഞ്ഞു “ ലാറ്റിമർ ദൈവം നിന്നെ നോക്കുന്നു, അവൻ നീ പറയുന്നത് കേൾക്കുന്നു” എന്ന് അതിനു ശേഷം ധൈര്യമായി തയാറാക്കിയ പ്രസംഗം അവതരിപ്പിച്ചു. ആരാധന കഴിഞ്ഞപ്പോൾ രാജാവിനെ ഭയക്കാതെ ദൈവത്തെ ഭയന്ന്, അനുസരിച്ച് സംസാരിച്ച ലാറ്റിമറിനെ രാജാവ് അഭിന്ദിച്ചു. ലാറ്റിമർ രാജാവിനേക്കാൾ കൂടുതൽ ദൈവത്തെ സ്നേഹിക്കുന്നതിനാലാണ് ധൈര്യമായി പ്രവർത്തിപ്പാൻ കഴിഞ്ഞത്.

ദൈവസ്നേഹം പലപ്പോഴും പരിശോധനകളും, കഷ്ടതകളും അതിജീവിപ്പാൻ നമ്മെ സഹായിക്കുന്നു. എന്നാൽ ചിലസമയത്ത് മാനുഷീക ബലഹീനത നമ്മെ ഭയത്തിനടിമകളാക്കുന്നു. കരച്ചിൽ ഒരു വ്യക്തിയിൽ ഉണ്ടാകുന്നത് ഭയത്തിന്റെ ആരംഭത്തിലാണ്. ഭയം, നിരാശ ഇവ വർദ്ധിക്കുമ്പോൾ കരച്ചിൽ നിലവിളിയായി മാറുന്നു യിരെ (48:36)ൽ “ എന്റെ ഹൃദയം കുഴൽ പോലെ ധ്വനിക്കുന്നു” എന്ന പ്രയോഗം നിലവിളിയുടെ കഠിനതയെ കാണിക്കുന്നു. നിലവിളി പ്രാർത്ഥനയായി ദൈവസന്നിധിയിൽ എത്തുമ്പോൾ നാം ദൈവസാന്നിദ്ധ്യം അനുഭവിക്കുന്നു. നമ്മുടെ ഹൃദയം കർത്താവിനോട് ഓരോപ്രാവശ്യം നിലവിളി ഉയർത്തുമ്പോൾ നിലവിളിയുടെ

പർവ്വതം ഉയരുന്നു. എന്നാൽ യഹോവയുടെ സാന്നിദ്ധ്യം ആ പർവ്വതങ്ങളെ ഉരുക്കുന്നു. യഹോവയുടെ സാന്നിദ്ധ്യത്തിന്റെ പ്രതീകമാണ് "തീ".

പുറ: (2:23) ൽ അടിമവേല മൂലം നെടുവീർപ്പിട്ട് നിലവിളിച്ചവരുടെ നിലവിളി യഹോവയുടെ സന്നിധിയിലെത്തി എന്ന് കാണാം. നിലവിളിയുടെ പർവ്വതം ഉയർന്നപ്പോൾ യഹോവ അവരെ ഓർത്തു എന്നതു മാത്രമല്ല പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരം കാണുവാൻ ഒരുങ്ങുകയും ചെയ്തു. യഹോവ തന്റെ സ്ഥലത്തു നിന്ന് പുറപ്പെട്ട് ഇറങ്ങി ഭൂമിയുടെ ഉന്നതികളിന്മേൽ നടന്നപ്പോൾ അവന്റെ കീഴിൽ പർവ്വതങ്ങൾ ഉരുകി എന്ന് മീഖ (1:3,4) വചനഭാഗത്തു നിന്ന് കാണാം. തന്റെ ജനത്തിന്റെ പ്രതികൂല പർവ്വതം ഉരുകിയത് യഹോവ ഉന്നതികളിൽ മേൽ നടന്നപ്പോൾ ആണ്. നമ്മെ അടിമത്വത്തിലാക്കിയ വിഷയങ്ങൾ പലതും പർവ്വതസമാനമായില്ലേ ? രക്ഷ ആഗ്രഹിക്കുന്നവർ നിലവിളിച്ചാൽ നമ്മുടെ വിഷയങ്ങളിൽ മേൽ ദൈവം പ്രവർത്തിക്കും, പർവ്വതം ഉരുകി മാറുകയും ചെയ്യും.

ബർത്തിമായി എന്ന കുരുടന്റെ നിലവിളി ഉയർന്നത് അവന്റെ കാഴ്ചയ്ക്കു വേണ്ടി ആയിരുന്നു. ഒരൊറ്റവ്യക്തിയുടെ നിലവിളി കേൾക്കുമോ എന്ന സംശയം വേണ്ട. കണ്ണിന്റെ കാഴ്ച നഷ്ടമായവന്റെ നിലവിളി കേട്ടാണ് യേശുനിന്നത്. തടഞ്ഞവരുടെ ശബ്ദം അവൻ ശ്രദ്ധിച്ചില്ല എന്നുമാത്രമല്ല ദാവീദുപുത്രന്റെ കരുണയ്ക്കായി ഏറ്റവും അധികം അവൻ യാചിയ്ക്കുകയാണ് ചെയ്തത്. നിലവിളിയുടെ പർവ്വതം ഉയർന്നപ്പോൾ സാന്നിദ്ധ്യത്തിന്റെ ശക്തി, കൃപ അവന് ലഭിക്കുകയും ചെയ്തു. (ലൂക്കോ :18:3843)

പുറത്തേക്ക് ശബ്ദം വരാതെയുള്ള ഹൃദയത്തിലെ ഞരക്കവും, ചുണ്ടുകളുടെ ചലനം പോലും കാണുന്നവനാണ് കർത്താവ്. തന്റെ ഉള്ളം ദൈവസന്നിധിയിൽ പകർന്ന് വിശ്വാസത്തോടെ ഭവനത്തിലേക്ക് മടങ്ങിയ ഹന്നയുടെ മുഖം പിന്നെ വാടിയില്ല എന്ന വചനം വ്യക്തമാക്കുന്നു. ഹന്നയെ ഓർത്ത ദൈവം അവളെ മാനിച്ചു. നിലവിളിച്ച വിഷയത്തിന് മറുപടി നൽകിയ ദൈവം ആ പർവ്വതത്തെ ഉരുക്കി. നിലവിളിച്ചവൾ സ്തോത്രഗാനം പാടുവാൻ ഇടയായി (1 ശമു:1,2: 1-10) പ്രിയരേ ! നമ്മെ ജയാളികളാക്കുന്ന യഹോവയോട് നിലവിളിക്കുക, യാമങ്ങൾ തോറും മുടങ്ങാതെ പ്രാർത്ഥിച്ച് ശക്തിപ്പെടുവാൻ ദൈവം കൃപ ചെയ്യട്ടെ.

## പ്രാർത്ഥന

പ്രിയ യേശുവേ ! അങ്ങ് ഞങ്ങളുടെ നിലവിളികേട്ട് ഞങ്ങളെ ഓർത്ത് പ്രവർത്തിക്കുന്നതിനാൽ സ്തോത്രം ചെയ്യുന്നു. വാടിയ മുഖത്തോടെയല്ല വിശ്വാസത്തോടെ അങ്ങയുടെ സമയത്തിനായി കാത്തിരിപ്പാൻ കൃപ ചെയ്യേണമേ.

ആമേൻ

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind